## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *396 15-05-2017 -ൽ മറുപടിക്ക്

### കേന്ദ്രത്തിൽ നിന്നും ലഭിച്ച വരൾച്ചാ ദുരിതാശ്വാസ സഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീമതി ഇ. എസ്. ബിജിമോൾ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീമതി സി.കെ. ആശ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | വരൾച്ചമൂലം വിവിധ മേഖലകളിൽ ഉണ്ടായിട്ടുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ; | എ) | വരൾച്ച മൂലം നഷ്ടം കണക്കാക്കാവുന്നത് പ്രധാനമായും കാർഷിക മേഖല, മൃഗ സംരക്ഷണ മേഖല, മത്സ്യ ബന്ധന മേഖല, വൈദ്യുതി മേഖല എന്നിവയിലാണ് പൂർണ്ണമായും വരൾച്ചയുടെ നാശനഷ്ടം വിലയിരുത്തുക എന്നത് അസാധ്യവുമാണ്. സ്ഥിര വിളകൾ കൂടുതൽ ഉള്ള കേരളത്തിൽ കടുത്ത വരൾച്ച ഇവയുടെ ദീർഘകാല ആദായം കുറയ്ക്കും എന്നാണ് ശാസ്ത്ര സമൂഹം വിലയിരുത്തുന്നത്. കാർഷിക മേഖലയിൽ 43,879 ഹെക്ടർ കൃഷി നാശം ഉണ്ടായിട്ടുണ്ട് എന്ന് കൃഷി വകുപ്പും പാലക്കാട് ജില്ലയിൽ 62.702 കന്നുകാലികൾക്ക് വരൾച്ച ബാധിച്ചിട്ടുണ്ട് എന്ന് മൃഗ സംരക്ഷണ വകുപ്പും അറിയിച്ചിരുന്നു. ക്ഷീര വികസന വകുപ്പ് അറിയിച്ചത് പ്രകാരം ഏകദേശം 3 ലക്ഷം ലിറ്റർ പാൽ ഉത്പാദനം കുറവുണ്ട്. മത്സ്യ ബന്ധന വകുപ്പ് അറിയിച്ചത് പ്രകാരം മത്സ്യ കൃഷിയിൽ 60% കുറവുണ്ടാകും എന്ന് കരുതുന്നു. നവംബർ 2016 മുതൽ മെയ് 2017 വരെ ഏകദേശം 1058.3 കോടി രൂപയുടെ വൈദ്യുതി പുറത്തുനിന്ന് വാങ്ങേണ്ടി വരും എന്ന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിവരങ്ങളെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടാണ് മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത മെമ്മോറാണ്ടത്തിൽ എല്ലാ മേഖലയിലുമായി ഏകദേശം 2651.9 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം കേരളം ആവശ്യപ്പെട്ടത് 992 കോടി രൂപയാണ്. |
| ബി) | വരൾച്ചാ ദുരിതാശ്വാസം എന്ന രീതിയിൽ കേന്ദ്രത്തിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ; ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; | ബി) | വരൾച്ച പ്രഖ്യാപിക്കുന്നത് സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ കർത്തവ്യമാണ്. സംസ്ഥാന സർക്കാർ വരൾച്ച പ്രഖ്യാപിച്ചതിന്റെ വെളിച്ചത്തിൽ കേരളത്തിന് മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 50 അധിക തൊഴിൽ ദിനങ്ങൾ അനുവദിച്ചിട്ടുണ്ട്. ഇത് കൂടാതെ ഭക്ഷ്യ-ധാന്യവും |

| | | | |
|---|---|---|---|
| | | | മണ്ണെണ്ണയും, എണ്ണയും അധികമായി കേരളത്തിന് അനുവദിക്കണം എന്നും, കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്നും അധിക സഹായം അനുവദിക്കണം എന്നും കേന്ദ്ര സർക്കാരിനോട് മെമ്മോറാണ്ടത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | വരൾച്ചയെപ്പറ്റി പഠിക്കാൻ വന്ന കേന്ദ്ര സംഘത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചതായി അറിവുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ; | സി) | കേന്ദ്ര സർക്കാറിന്റെ പ്രതികരണം ഇക്കാര്യത്തിൽ ലഭ്യമായിട്ടില്ല. റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |
| ഡി) | വരൾച്ചാ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് റവന്യൂ/ദുരന്തനിവാരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | ഡി) | സംസ്ഥാനത്തെ രൂക്ഷമായ വരൾച്ചയുടെ പശ്ചാത്തലത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു.<br>• 31.10.2016-ലെ സ.ഉ(പി) നം.555/2016/ ഡി.എം.ഡി, 24.04.2017-ലെ സ.ഉ(പി) നം.25/2017/ഡി.എം.ഡി നമ്പർ ഉത്തരവുകൾ പ്രകാരം കേരളത്തിലെ എല്ലാ ജില്ലകളെയും വരൾച്ച ബാധിതമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്.<br>• 31.10.2016-ലെ 42830/K3/2016/DMD നമ്പരായുള്ള പരിപത്രം പ്രകാരം 26 ഇന പ്രതിരോധ-പ്രതികരണ പ്രവർത്തനങ്ങൾ അതാത് ജില്ലകളുടെ ചുമതലയുള്ള മന്ത്രിമാരുടെ മേൽനോട്ടത്തിൽ നടത്തുന്നതിനായി ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി.<br>• വരൾച്ച പ്രഖ്യാപിച്ച ശേഷം 2016-17 സാമ്പത്തിക വർഷം എല്ലാ ജില്ലകൾക്കുമായി 42.42 കോടി കുടിവെള്ള വിതരണത്തിനായി അനുവദിച്ചു. 2017-18 സാമ്പത്തിക വർഷം ഇതുവരെ കുടിവെള്ള വിതരണത്തിന് എല്ലാ ജില്ലകൾക്കുമായി 14 കോടി രൂപയും അനുവദിച്ചു. വരൾച്ച പ്രഖ്യാപിച്ച ശേഷം കൃഷി നാശത്തിന്റെ ദുരിതാശ്വാസത്തിനായി 15.466 കോടി രൂപ സർക്കാർ അനുവദിച്ചു. പാലക്കാട് ജില്ലയ്ക്ക് മൃഗ സംരക്ഷണ മേഖലയിൽ വെറ്ററിനറി ക്യാമ്പ് തുടങ്ങുന്നതിനായി 35 ലക്ഷം രൂപ അനുവദിച്ചു.<br>• കർഷകരുടെ കാർഷിക കടങ്ങളുടെ ജപ്തി നടപടികളിന്മേൽ 31.05.2017 വരെ മോറട്ടോറിയം പ്രഖ്യാപിച്ചു.<br>• ചീഫ് സെക്രട്ടറി വിവിധ വീഡിയോ കോൺഫറൻസ് മുഖാന്തരം ജില്ലകളുടെ വരൾച്ച പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുകയുണ്ടായി.<br>• 31-01-2017 ന് ബഹു: മുഖ്യമന്ത്രി വീഡിയോ |

| | | | |
|---|---|---|---|
| | | | കോൺഫറൻസ് മുഖാന്തരം ജില്ലകളുടെ വരൾച്ചാ പ്രതികരണ പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.<br>• വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്ക് കുഴൽ കിണർ നിർമ്മിക്കുന്നതിന് 31-05-2017 വരെ നിയന്ത്രണമേർപ്പെടുത്തി.<br>• വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുവാനായി ടാങ്കുകളുടെ റേറ്റ് കോൺട്രാക്റ്റ് നിർണ്ണയിക്കുകയും, 2 മാസം കൊണ്ട് ടാങ്ക് നിർമ്മാതാക്കൾക്ക് ലഭ്യമാക്കാവുന്ന 2000 മുതൽ 10000 ലിറ്റർ വരെയുള്ള, BIS മാനദണ്ഡം പാലിക്കുന്ന ടാങ്കുകളുടെ എണ്ണം 5000 മാത്രമായതിനാൽ 5000 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനും വാട്ടർ കിയോസ്കുകൾ വഴിയുള്ള ജല വിതരണത്തിന് പുറമേ ടാങ്കർ വഴിയും കുടിവെള്ള വിതരണം നടത്തുവാനും ജില്ലാകളക്ടർമാർക്ക് അനുമതി നൽകി.<br>• ജില്ലകളിൽ മന്ത്രിമാരുടെ നേതൃത്വത്തിൽ വരൾച്ചാ സ്ഥിതി അവലോകന-ഏകോപന യോഗങ്ങൾ ചേർന്നിരുന്നു.<br>• റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ വരൾച്ചാ സ്ഥിതി അവലോകന-ഏകോപന യോഗം ചേർന്നിരുന്നു.<br>• 2017 മാർച്ച് 28 ന് ബഹു: കേന്ദ്ര കൃഷി മന്ത്രി ശ്രീ.രാധാമോഹൻ സിംഗിനെ സന്ദർശിച്ച് ബഹു: റവന്യൂ വകുപ്പ് മന്ത്രിയും, ബഹു: കൃഷി വകുപ്പ് മന്ത്രിയും വരൾച്ചാ മെമ്മോറാണ്ടം സമർപ്പിച്ചു. |

സെക്ഷൻ ഓഫീസർ